(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പി.ഡി. ടീച്ചർ, യു.പി.എസ്.എ. എന്നിവയിലെ ഒഴിവുകൾ

1 [1102] ശ്രീ. സി. മമ്മൂട്ടി :

,, പി. കെ. കെ. ബാവ :

,, സി. മോയിൻകുട്ടി :

,, കെ. എൻ. എ. ഖാദർ :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പി.ഡി. ടീച്ചർമാരുടെയും യു.പി.എസ്.എ.-യുടെയും എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഒഴിവുകൾ മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിവുകളുണ്ടായിട്ടും ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ പി. ഡി. ടീച്ചർമാരുടെയും, യു.പി.എസ്.എ.-യുടെയും ഒഴിവുകൾ നിലവിലില്ല. മലപ്പുറം ജില്ലയിൽ പി.ഡി. ടീച്ചർമാരുടെ 400 ഒഴിവുകളും യു. പി.എസ്.എ.-യുടെ 100 ഒഴിവുകളും നിലവിലുണ്ട്.

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി & ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്ത് യു. പി. സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്ന നടപടി

2 [1103] ശ്രീ. ചെർക്കളം അബ്ദുള്ള :

,, പി. കെ. കെ. ബാവ :

,, പി. കെ. അബ്ദുറബ്ബ് :

,, ടി. പി. എം. സാഹിർ :

,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര യു. പി. സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് സ്കീം അനുസരിച്ചാണ് കമ്പ്യൂട്ടർ സ്ഥാപിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly